ജലനിധി

ജലനിധിയുടെ രണ്ടാം ഘട്ടത്തിൽ ബാച്ച് ഒന്നിൽ ചെറുവണ്ണൂർ പഞ്ചായത്തിൽ 28 സ്കീമുകൾക്കായി 4.24 കോടി രൂപയും ബാച്ച് രണ്ടിൽ കീഴരിയൂർ പഞ്ചായത്തിൽ 16 സ്കീമുകൾക്കായി 3.87 കോടി രൂപയും സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ചെറുവണ്ണൂർ പഞ്ചായത്തിലെ 28 സ്കീമുകളും, കീഴരിയൂർ പഞ്ചായത്തിലെ ആകെയുള്ള 16 സ്കീമുകളിൽ 4 എണ്ണവും കമ്മീഷൻ ചെയ്തുകഴിഞ്ഞു. ബാച്ച് മൂന്നിൽ കോട്ടൂർ പഞ്ചായത്തിലെയും നടുവണ്ണൂർ പഞ്ചായത്തിലെയും പദ്ധതി പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

കടലാക്രമണം തടയാൻ നടപടി

130 (4933) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നായരമ്പലം തീരപ്രദേശത്ത് താമസിക്കുന്നവരും പ്രൈമറി ഹെൽത്ത് സെന്ററിൽ ജോലി ചെയ്യുന്നവരും രൂക്ഷമായ കടലാക്രമണത്തിന്റെയും കടൽ വെള്ളക്കയറ്റത്തിന്റെയും ഭീതിയിൽ കഴിയുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രദേശത്തെ കടലാക്രമണം, കടൽവെള്ളക്കയറ്റം എന്നിവ ശാശ്വതമായി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കുമോ ;

(സി) പ്രസ്തുത പ്രദേശത്ത് ജലവിഭവവകുപ്പ് മുഖാന്തരം നടപ്പാക്കിയ പ്രവൃത്തികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രദേശത്തെ കടലാക്രമണം, കടൽ വെള്ള കയറ്റം എന്നിവ ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി തീരദേശ പ്രദേശങ്ങളിൽ വിശദമായ പഠനം നടത്തുന്നതിനായി പൂനയിലെ CWPRS എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നായരമ്പലം, വലിയത്താം പറമ്പ് തീരപ്രദേശങ്ങളിലെ 1.50 കി. മീറ്റർ കടലാക്രമണ പ്രതിരോധത്തിന് ഐ.ഐ.ടി. പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പഠനം നടത്തി റിപ്പോർട്ട് ലഭിച്ചാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കഴിഞ്ഞ നാലുവർഷങ്ങളിൽ നായരമ്പലം തീരപ്രദേശങ്ങളിൽ 72.10 ലക്ഷം രൂപയുടെ അറ്റകുറ്റപണികൾ നടപ്പിലാക്കിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി

131 (4934) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ബി) പഞ്ചായത്തിന്റെ പേരും അനുവദിച്ച തുകയുമടങ്ങുന്ന ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ 11 കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്തിന്റെ പേരും അനുവദിച്ച തുകയും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട്

132 (4935) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിനുവേണ്ടി എത്ര ഹെക്ടർ സ്ഥലം സർക്കാർ അക്വിസിഷൻ നടത്തി ; വ്യക്തമാക്കുമോ ;

(ബി) അക്വിസിഷൻ നടപടിയിലൂടെ കൈവന്ന ഭൂമിയുടെ പ്രമാണങ്ങൾ മറ്റ് രേഖകൾ ഇവയെല്ലാം ആരാണ് സൂക്ഷിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly